Syro Malabar Commission for Liturgy



## നോമ്പ് മൂന്നാം തിങ്കൾ - മർക്കോ 12: 28-34

എല്ലാറ്റിലും പ്രഥമമായ കല്പനയേതാണ് എന്ന് നിയമജ്ഞൻ ഈശോയോട് ചോദിക്കുന്നതാണ് ഇന്നത്തെ വിചിന്തനവിഷയം. ദൈവസ്നേഹം മനുഷ്യസ്നേഹം എന്നീ രണ്ടു ചിറകുകളിൽ കല്പനകളെല്ലാം ഉയർത്തപ്പെട്ടിരിക്കുന്നതായി വി. എഫ്രേം പ്രസ്താവിക്കുന്നു. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനവും പുണ്യങ്ങളുടെ കേന്ദ്രബിന്ദുവുമെന്നത് ദൈവസ്നേഹവും പരസ്നേഹവുമാണെന്ന് വി.ജോൺ ക്രിസോസ്തോം പ്രസ്താവിക്കുന്നു. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവന് സഹോദരനെ വെറുക്കാൻ കഴിയുകയില്ല. സഹോദരനെ സ്നേഹിക്കാതെ ദൈവത്തെയോ, ദൈവത്തെ സ്നേഹിക്കാതെ സഹോദരനെയോ സ്നേഹിക്കാൻ കഴിയുകയില്ലെന്ന് ഏഴാം നൂറ്റിൽ ജീവിച്ചിരുന്ന വി. ബീഡ് പ്രസ്താവിക്കുന്നു. നമ്മുടെ ഇടയിലുള്ള ആവശ്യക്കാരനെ സഹായിക്കുന്നത് ദൈവസ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള ഉപാധിയാണ്. ദൈവസ്നേഹം മനുഷ്യസ്നേഹത്തിലൂടെ പ്രകടമാക്കുക. ദൈവസ്നേഹവും പരസ്നേഹവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരനെ അവഗണിക്കുവാൻ കഴിയുകയില്ലെന്ന് ക്രിസോസ്തോം പറയുന്നു. കഷ്ടതയനുഭവിക്കുന്ന സഹോദരർക്കുവേി പ്രവർത്തിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നതിന്റെ അടയാളമാണെന്ന സത്യം മറക്കാതിരിക്കാം.